LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) സംസ്ഥാനത്ത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസിയായ കിൻഫ്ര പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് 1720 ഏക്കർ ഭൂമിയും കൊച്ചിയിൽ ഒരു 'ഗിഫ്റ്റ് സിറ്റി' (GIFT City) സ്ഥാപിക്കുന്നതിന് ആലുവ താലൂക്കിൽ അയ്യമ്പുഴയിൽ 500 ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര 312 ഏക്കർ, പുതുശ്ശേരി-I 600 ഏക്കർ, പുതുശ്ശേരി-II 558 ഏക്കർ, ഒഴലപ്പതിയിൽ 250 ഏക്കർ എന്നീ ഭൂമികളാണ് വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. അയ്യമ്പുഴയിലെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കൽ ഡിസംബർ 2021-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

വ്യവസായ പാർക്ക്

127(5286) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ വ്യവസായ പാർക്ക് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ കീഴിൽ മഞ്ചേശ്വരം താലൂക്കിൽ കണ്ണൂർ വില്ലേജിൽപ്പെട്ട അനന്തപുരം എന്ന സ്ഥലത്ത് വ്യവസായ പാർക്ക് നിലവിലുണ്ട്.

വ്യവസായ പാർക്കുകളിലെ സംരംഭങ്ങൾ

128(5287) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടി സ്ഥലം ലഭിച്ചവരിൽ പലരും ഭൂമിയും കെട്ടിടവും ഒഴിച്ചിട്ടിരിക്കുന്ന കാര്യം പരിശോധിക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കപ്പെട്ടിട്ടുള്ള യൂണിറ്റുകൾ ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽത്തന്നെ പ്രവർത്തനം ആരംഭിക്കുന്നുണ്ടോയെന്ന് അതാത് എസ്റ്റേറ്റ് ഓഫീസർമാർ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ച് ബന്ധപ്പെട്ട ജനറൽ മാനേജർമാർക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകളിന്മേൽ നിയമാനുസൃതമായ നടപടികൾ ജനറൽ മാനേജർമാർ സ്വീകരിക്കുകയും ചെയ്യാവുന്നു.

(ബി) വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിലെ കെട്ടിടങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ 8-1-2020-ലെ GO(MS)No.08/2020/ID സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പ്രവർത്തനരഹിതമായ വ്യവസായ ഭൂമി തിരിച്ചെടുക്കുന്നത്. ടി ഉത്തരവിലെ ഖണ്ഡിക (9)-ൽ, വ്യവസായ ഭൂമി ലഭിക്കുന്ന സംരംഭകൻ 6 മാസത്തിനുള്ളിൽ പ്രാരംഭ പ്രവർത്തനം ആരംഭിക്കേണ്ടതാണെന്നും ടിയാൻ കരാറിൽ ഏർപ്പെട്ട തീയതി മുതൽ 1 വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കണമെന്നും കൂടാതെ നിഷ്കർഷിക്കപ്പെട്ട കാലയളവിനുള്ളിൽ ന്യായമായ എന്തെങ്കിലും കാരണത്താൽ ടിയാന് പ്രവർത്തനം ആരംഭിക്കുന്നതിനോ ഉത്പാദനം തുടങ്ങുന്നതിനോ കഴിയാതെ വന്നാൽ ബന്ധപ്പെട്ട അധികാരിക്ക് (ജനറൽ മാനേജർ) 12 മാസക്കാലയളവുകൂടി നീട്ടി നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികൾ സംരംഭകൻ പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ എസ്റ്റേറ്റുകളിലും ഒരു എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാത്ത പക്ഷം, എസ്റ്റേറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമപ്രകാരമുള്ള നടപടികളിലൂടെ അതാത് ജനറൽ മാനേജർമാർ ടി ഭൂമി തിരിച്ചുപിടിക്കാറുണ്ട്. കൂടാതെ പ്രവർത്തനത്തിലിരിക്കെ പ്രവർത്തനരഹിതമായ യൂണിറ്റുകൾക്ക് യൂണിറ്റ് പുനരാരംഭിക്കുന്നതിന് പരമാവധി ഒരു വർഷം അനുവദിക്കുകയും, ആരംഭിക്കാത്തപക്ഷം നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വ്യവസായ ഭൂമി തിരിച്ചെടുക്കുകയും ചെയ്യുന്നു.

പാലക്കാട് റൈസ് പാർക്കിന്റെ നിർമ്മാണ പുരോഗതി

129(5288) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?